## മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# അപ്പൊസ്തലപ്രവൃത്തികൾ

വിൽസൺ പരോസ്കി

**3-ാം ക്വാർട്ടർ**

**(ജൂലൈ, ആഗസ്റ്റ്, സെപ്തംബർ)**

**2018**

**വിവർത്തനം: പുരുഷോത്തമൻ റ്റി.എം.**

# ഉള്ളടക്കം

1. നീ എന്റെ സാക്ഷിയായിരിക്കും - ജൂൺ 30 - ജൂലൈ 6 .................................. 5

2. പെന്തെക്കോസ്ത് - ജൂലൈ 7-13 .................................. 15

3. ആദ്യകാലസഭയിലെ ജീവിതം - ജൂലൈ 14-20 .................................. 24

4. ആദ്യകാല സഭാനേതാക്കന്മാർ - ജൂലൈ 21-27 .................................. 33

5. പൗലൊസിന്റെ മാനസാന്തരം - ജൂലൈ 28 - ആഗസ്റ്റ് 3 .................................. 42

6. പത്രൊസിന്റെ സുവിശേഷവേല - ആഗസ്റ്റ് 4-10 .................................. 52

7. പൗലൊസിന്റെ ആദ്യ മിഷനറി യാത്ര - ആഗസ്റ്റ് 11-17 .................................. 61

8. യെരൂശലേം ന്യായാധിപസംഘം - ആഗസ്റ്റ് 18-24 .................................. 71

9. രണ്ടാമത്തെ മിഷനറി യാത്ര - ആഗസ്റ്റ് 25-31 .................................. 80

10. മൂന്നാമത്തെ മിഷനറി യാത്ര -സെപ്തംബർ 1-7 .................................. 90

11. യെരൂശലേമിലെ അറസ്റ്റ് - സെപ്തംബർ 8-14 .................................. 100

12. കൈസര്യയിൽ തടവിൽ - സെപ്തംബർ 15-21 .................................. 110

13. റോമിലേയ്ക്കുള്ള യാത്ര - സെപ്തംബർ 22-28 .................................. 120

# സുവിശേഷത്തിന്റെ വിജയം

അനേക ചരിത്രകാരന്മാർ വിശ്വസിക്കുന്നത് ചരിത്രത്തിലെ ഏറ്റവും പ്രാധാന്യമുള്ള മൂന്ന് പതിറ്റാണ്ടുകൾ എന്നു പറയുന്നത് ഒരു ചെറിയ വിഭാഗം മനുഷ്യരായ യെഹൂദന്മാർ പരിശുദ്ധാത്മ ശക്തിക്ക് കീഴ്പ്പെട്ട് സുവിശേഷം ലോകത്തിന് നൽകിയ കാലഘട്ടമെന്നാണ്. പ്രവൃത്തികളുടെ പുസ്തകം ആ മൂന്ന് പതിറ്റാണ്ടുകളുടെ രേഖയാണ്. അത് എ.ഡി. 31 ൽ യേശുക്രിസ്തുവിന്റെ ഉയിർപ്പു മുതൽ എ.ഡി. 62 ൽ പൗലൊസിന്റെ ഒന്നാമത്തെ തടവുകാലത്തിന്റെ അന്ത്യംവരെ (അ.പ്ര. 28:30)യുള്ള വിവരണങ്ങളിലേക്ക് കടന്നു ചെല്ലുന്നു. പൗലൊസ് റോമിലെ തടവിൽനിന്ന് മോചിതനാക്കപ്പെടുകയും തുടർന്നുള്ള തന്റെ മിഷണറി യാത്രകളും സുവിശേഷഘോഷണങ്ങളും റോമിൽ തടവിലാക്കപ്പെടുകയും ഒടുവിൽ എ.ഡി. 67 ൽ റോമിൽവച്ച് വധിക്കപ്പെടുകയും ചെയ്ത വിവരണങ്ങൾ ഈ പുസ്തകത്തിൽ നൽകപ്പെട്ടിട്ടുണ്ടെങ്കിലും അതിലെ സൂചനകൾ പ്രകാരം തന്റെ ഒന്നാമത്തെ തടവ് ജീവിതത്തിൽനിന്നു മോചിതനാക്കപ്പെട്ട് അധികനാളുകൾ കഴിയുന്നതിന് മുമ്പായിട്ടാണ് ഈ പുസ്തകം രചിക്കപ്പെട്ടത് എന്നാണ്.

ഈ പുസ്തകം ഇതിന്റെ ഗ്രന്ഥകർത്താവിനെപ്പറ്റി ഒന്നും സംസാരിക്കുന്നില്ല. എന്നാൽ സഭാചരിത്രത്തിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥകർത്താവ് ലൂക്കൊസ് ആണ് എന്നു കരുതുന്നു. കൊലൊ 4:14 ൽ സൂചിപ്പിച്ചിട്ടുള്ള 'വൈദ്യനായ പ്രിയ ലൂക്കൊസ്' പൗലൊസിന്റെ സഹയാത്രികനായിരുന്നു (2 തിമൊ 4:11; ഫിലെ 24). ഈ ലൂക്കൊസ് തന്നെയാണ് സുവിശേഷത്തിലെ മൂന്നാം സുവിശേഷഗ്രന്ഥത്തിന്റെ രചയിതാവും.

പ്രവൃത്തികളുടെ പുസ്തകത്തിൽ ആദ്യം പരാമർശിക്കപ്പെടുന്ന വേദഭാഗം അ.പ്ര. 1:1; ലൂക്കൊസ് 1:3 താരതമ്യം ചെയ്യുമ്പോൾ ഈ രണ്ടു പുസ്തകങ്ങളും (അ.പ്രവൃത്തികൾ, ലൂക്കൊസ്) ക്രിസ്ത്യാനിത്വത്തിന്റെ ആരംഭകാലത്തെ കുറിക്കുന്ന സമാനമായ രണ്ടു വാല്യങ്ങളാണ് എന്നു മനസ്സിലാക്കാൻ കഴിയും. ക്രിസ്ത്യാനിത്വത്തിന്റെ ഉത്ഭവം, യേശുവിന്റെ ജീവിതം, തന്റെ ശുശ്രൂഷ, അതിന്റെ തുടർച്ചയായുള്ള അപ്പൊസ്തലന്മാരുടെ സുവിശേഷദൗത്യങ്ങൾ.

ഈ രണ്ട് പുസ്തകങ്ങളും ചേർന്ന് പുതിയനിയമത്തിന്റെ ഏതാണ്ട് ഇരുപത്തിയേഴ് ശതമാനവും ഈ ഒറ്റ ഗ്രന്ഥകാരനിൽനിന്നു ലഭിക്കുന്നു. കൊലൊസ്യ സഭയ്ക്കുള്ള ലേഖനത്തിൽ പരിച്ഛേദന കഴിക്കാത്ത ജാതീയനായ സഹപ്രവർത്തകൻ എന്നു പരാമർശിച്ചിരിക്കുന്നു. സുവിശേഷഗ്രന്ഥകർത്താക്കളിൽ യെഹൂദനല്ലാത്ത ഏക വ്യക്തിയും ലൂക്കൊസാണ്. ഇത് തന്റെ പ്രധാന ഉപദേശങ്ങളിൽ ഒന്നായ 'രക്ഷ സർവ്വലോകത്തിനും' എന്ന തത്വത്തെ വിശദീകരിക്കുന്ന ഒന്നാണ്. ദൈവത്തിന് മുഖപക്ഷമില്ല. സഭ വിളിക്കപ്പെട്ടിരിക്കുന്നത് എല്ലാ ജനങ്ങൾക്കും വർഗ്ഗമോ, സാമൂഹ്യശ്രേണിയോ, ആൺപെൺ വ്യത്യാസമില്ലാതെ ഏവർക്കും

സാക്ഷിയായിരിക്കേണ്ടതിനാണ്. മുൻവിധിയാലോ, സൗകര്യപ്രദമായോ ഈ ശുശ്രൂഷയിൽ നാം തോറ്റുപോകുന്നുവെങ്കിൽ അത് സുവിശേഷീകരണത്തിൽനിന്നുള്ള വ്യതിചലനവും ദൈവവചനത്തിലെ അടിസ്ഥാനസത്യങ്ങൾക്ക് വിരുദ്ധവുമായിരിക്കും. ദൈവമുമ്പാകെ നാം എല്ലാവരും ഒരുപോലെയാണ്. കർത്താവായ യേശുക്രിസ്തുവിലുള്ള വീണ്ടെടുപ്പ് ആവശ്യമുള്ള പാപികൾ...!

അപ്പൊസ്തല പ്രവൃത്തികൾ എന്ന പുസ്കത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും ലൂക്കൊസ് തന്റെ നായകനായ ജാതികളുടെ അപ്പൊസ്തലനായ (റോമർ 11:13) പൗലൊസിന് സമർപ്പിച്ചിരിക്കുന്നത് അവിചാരിതമായിട്ടല്ല.

അപ്പൊസ്തല പ്രവൃത്തികളിലെ മറ്റു പ്രധാന ഉപദേശങ്ങൾ, ദൈവത്തിന്റെ പരമാധികാരവും സ്വർഗ്ഗീയ ഉപദേശങ്ങളും (അ.പ്ര. 17:24,25; 20:27; 23:11) യേശുവിനെ ദൈവവും രക്ഷകനായും ഉയർത്തുന്നു (അ.പ്ര. 2:32,36; 3:13,15; 4:10-12; 5:30,31). സുവിശേഷീകരണത്തിനായി സഭകളെ ആത്മീയമായി ശക്തീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ ദൗത്യം (അ.പ്ര. 2:1-4; 4:24-31; 8:14-17,29,39; 10:19,20).

ദൈവത്തിന് ഇഷ്ടം തോന്നിയതിനാൽ പൗലൊസിനെ ഉപയോഗിച്ച് ലോകത്തെ സ്വാധീനിക്കാൻ കഴിഞ്ഞു. അല്ലെങ്കിൽ മറ്റൊരാൾക്ക് ആ ശുശ്രൂഷ ചെയ്യുവാൻ കഴിയുമായിരുന്നില്ല. എന്നിരുന്നാലും യഥാർത്ഥത്തിൽ ആദ്യകാല സഭയുടെ പ്രവർത്തനങ്ങളും ആത്മനേട്ടങ്ങളും മാനുഷികബുദ്ധിയുടെയോ കഴിവിന്റെയോ നേട്ടങ്ങളായിരുന്നില്ല (1 കൊരി. 15:10).

അപ്പൊസ്തല പ്രവൃത്തികൾ പ്രതിപാദിക്കുന്നത് ആദ്യകാലസഭയുടെ രൂപീകരണ കാലഘട്ടത്തെയാണ്. ശ്രദ്ധിക്കപ്പെടത്തക്കതായ ദൈനംദിനസഭാപ്രവർത്തനങ്ങളും വേദശാസ്ത്രപരമായ വളർച്ചയും നമുക്ക് അതിൽ ദർശിക്കാവുന്നതാണ്. ഉദാഹരണമായി ക്രിസ്തുവിന്റെ രണ്ടാംവരവിന്റെ സമയം 'ജാതികളുടെ അവസ്ഥ' രക്ഷയ്ക്കായി വിശ്വാസത്തിന്റെ കടമ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ സഭ എങ്ങനെ കൈകാര്യം ചെയ്തു എന്നു നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ആദ്യകാലസഭയ്ക്ക് ആ കുറഞ്ഞ കാലഘട്ടത്തിൽ ചെയ്തു തീർക്കുവാൻ കഴിഞ്ഞത് പ്രാർത്ഥനയാൽ തങ്ങളുടെ ഹൃദയങ്ങളെ വിനയപ്പെടുത്തുന്നവരിലൂടെ എക്കാലവും ദൈവത്തിന് ചെയ്യാൻ കഴിയുന്നതാണെന്നുള്ള സാക്ഷീകരണമാണ്. വ്യക്തിപരമായ വ്യത്യാസങ്ങൾക്ക് അതീതരായി ജീവിക്കുക, ദൈവത്തിന്റെ ബഹുമാനത്തിനും മഹത്വത്തിനുമായി പരിശുദ്ധാത്മാവ് നമ്മെ ഉപയോഗിക്കുവാൻ നാം അനുവദിക്കുക.

അപ്പൊസ്തലപ്രവൃത്തികൾ ദൈവവേല ആരംഭിക്കാൻ ദൈവത്താൽ വിളിക്കപ്പെട്ടവരുടെ ജീവിതകഥയാണ്. ആ വേല പൂർത്തീകരിക്കുവാൻ വിളിക്കപ്പെട്ട നമുക്ക് ആ കഥയിൽനിന്ന് എന്താണു പഠിക്കാൻ കഴിയുന്നത്?

വിൽസൺ പരോസ്കി സാമ്പോ പൗളോയിലെ ബ്രസീൽ അഡ്വന്റിസ്റ്റ് സർവ്വകലാശാലയിലെ പുതിയനിയമ വ്യാഖ്യാനത്തിൽ പ്രൊഫസ്സറാണ്.

ആൻഡ്രൂസ് സർവ്വകലാശാലയിൽനിന്ന് പുതിയനിയമത്തിൽ ഡോക്ടർ ബിരുദം ലഭിച്ചിട്ടുണ്ട്.